# 83. എനിക്കായ് ചിന്തി നിൻ രക്തം

*(1st tune)*

Woodworth - L.M. W. B. Bradbury




2 വിവിധ സംശയങ്ങളാൽ
വിചാരപോരാട്ടങ്ങളാൽ
വിപത്തിൽ അകപ്പെട്ടു ഞാൻ
ദേവാട്ടിൻകുട്ടി, വരുന്നേൻ.

3 ദാരിദ്ര്യാരിഷ്ടൻ കുരുടൻ
ധനസൗഖ്യങ്ങൾ കാഴ്ചയും
ദാനമായ് നിങ്കൽ ലഭിപ്പാൻ
ദേവാട്ടിൻ കുട്ടീ,വരുന്നേൻ.

4 എന്നെ നീ കൈക്കൊണ്ടീടുമേ
എൻ പിഴ പോക്കി രക്ഷിക്കും
എന്നല്ലോ നിൻ വാഗ്ദത്തവും
ദേവാട്ടിൻകുട്ടി, വരുന്നേൻ.

5 അഗോചരമാം നിൻ സ്നേഹം
അഗാധപ്രയാസം തീർത്തു
അയ്യോ നിന്റെ നിന്റേതാവാൻ
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

6 ആ സ്വൈരസ്നേഹത്തിൻ നീളം
ആഴം, ഉയരം, വീതിയും
ആരാഞ്ഞറിഞ്ഞങ്ങാർക്കുവാൻ
ദേവാട്ടിൻകുട്ടി, വരുന്നേൻ.